**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1785** **11-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരിയിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ സെൻസറി ഗാർഡൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി ജില്ലാ ആശുപത്രിയോട് ചേർന്നുള്ള കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെ (ഡി.ഇ.ഐ.സി) സെൻസറി ഗാർഡൻ നിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | വടക്കാഞ്ചേരി ജില്ലാ ആശുപത്രിയോട് ചേർന്നുള്ള കോമ്പൌണ്ടിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ (ഡി.ഇ.ഐ.സി) സെൻസറി ഗാർഡൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 75,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ DEIC കെട്ടിട നിർമ്മാണത്തിനായി 300 ലക്ഷം രൂപ നൽകിയിരുന്നതിൽ നിർമ്മാണം പൂർത്തിയായതിനു ശേഷം 61.38 ലക്ഷം രൂപ ബാക്കിയുണ്ടെന്ന് പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി തുക ചുറ്റുമതിലും സെൻസറി ഗാർഡനും നിർമ്മിക്കുന്നതിന് അപര്യാപ്തമായതിനാൽ ബാക്കി തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷന് (NHM) കത്ത് നൽകിയിരിക്കുകയാണ്.മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ